വികസന വകുപ്പ് തയ്യാറാക്കണമെന്നും ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് വനംവകുപ്പിന് സമർപ്പിക്കേണ്ടതാണെന്നുമാണ് തീരുമാനം. വനംവകുപ്പ് യോഗ്യതയുടെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിക്ക് അംഗീകാരം നൽകുകയും ഓരോ കോളനിയും പൂർണ്ണമായി മാറ്റിപാർപ്പിക്കുന്ന തരത്തിലായിരിക്കണം ഇത് തയ്യാറാക്കേണ്ടതെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വനംവകുപ്പ് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതാണ്.

(13) തൃക്കരിപ്പൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എന്റെ മണ്ഡലത്തിലെ തൃക്കരിപ്പൂരിൽ 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് ഒരു ഡിസ്പെൻസറി അനുവദിച്ചിരുന്നു. 1996-ൽ നായനാർ സർക്കാർ അതിനെ സി.എച്ച്.സി.-യായി ഉയർത്തി. ആറോളം പഞ്ചായത്തുകളിലെ ജനങ്ങൾ ആശ്രയിക്കുന്ന ഈ സി.എച്ച്. സി.-യിൽ ശരാശരി മുപ്പതോളം പ്രസവങ്ങളും പന്ത്രണ്ടോളം സിസേറിയനും എട്ടോളം ഗർഭപാത്രം നീക്കം ചെയ്യൽ ശസ്ത്രക്രിയകളും നടത്തിയിരുന്നു. സ്പെഷ്യൽ ആക്ടിംഗ് കേഡർ നടപ്പിലാക്കിയ സന്ദർഭത്തിൽ ഇവിടത്തെ പ്രധാനപ്പെട്ട ഡോക്ടർമാരെയെല്ലാംതന്നെ സ്ഥലംമാറ്റി. 13-09-2010-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ സി.എച്ച്.സി.-ക്ക് താലൂക്ക് ഹോസ്പിറ്റൽ സ്റ്റാറ്റസ് നൽകിയെങ്കിലും ആവശ്യമായ ഡോക്ടർമാരെ നിയമിച്ചില്ല. ഇപ്പോൾ ഈ അടുത്ത അവസരത്തിൽ ഒരു ലേഡീഡോക്ടറെ (ഗൈനക്കോളജിസ്റ്റ്) അവിടെ നിയമിച്ചെങ്കിലും അങ്ങേയറ്റം മനുഷ്യത്വരഹിതമായിട്ടുള്ള സമീപനമാണ് അവിടെവരുന്ന രോഗികളോട് അവർ സ്വീകരിക്കുന്നത്. ഇവിടെ അനസ്തേഷ്യയ്ക്ക് ആവശ്യമായ സൗകര്യങ്ങളൊന്നുമില്ല. അതുകൊണ്ട് ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്യാൻ സാധ്യമല്ലായെന്നാണ് അവർ പറയുന്നത്. ഇങ്ങനെയൊരു ശോച്യാവസ്ഥയാണ് അവിടെയുള്ളത്. അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. പി. രാജേന്ദ്രൻ): സർ, നിലവിൽ തൃക്കരിപ്പൂർ സാമൂഹ്യക്ഷേമ ആരോഗ്യകേന്ദ്രം 13-9-2010-ലെ ഉത്തരവുപ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തുകയും അവിടെ ഒരു പീഡിയാട്രീഷ്യനും ഒരു ഓർത്തോപീഡിസ്റ്റും മൂന്ന് അസിസ്റ്റന്റ് സർജൻമാരും ഒരു എൻ.ആർ.എച്ച്.എം. ഡോക്ടറും ഒരു സി.ആർ.എസ്. ഡോക്ടറുമടക്കം ഏഴ് ഡോക്ടർമാർ ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്. ജൂനിയർ കൺസൾട്ടന്റുമാരിൽ ഒരാൾ (ഗൈനക്കോളജി) പ്രസവാവധിയിലാണ്. മറ്റു ജീവനക്കാരുടെ 25 തസ്തികകളിൽ ലാബ് ടെക്നീഷ്യൻ-1, ഹെഡ് നഴ്സ്-1 ഇങ്ങനെ രണ്ട് തസ്തികകളിൽ മാത്രമേ ആളില്ലാതെയുള്ളൂ. ഇപ്പോൾ കിടക്കകളുടെ എണ്ണം 42 ആണ്. ഇത് 100 ആക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly